# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വേളം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.6/1835/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ - 0495-2371012

തീയ്യതി. 11.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വേളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.6/1835/2017 തീയതി – 11.10.2017

# കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.10.2016 മുതൽ 18.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ .വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2017 മുതൽ 28.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കരുണാകരൻ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനോഹരൻ.എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ അബ്ദുള്ള വി കെ | 01.04.2016 മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ ഇ കെ അശോകൻ | 01.04.2016 മുതൽ 31.12.2016 വരെ |
| | ശ്രീ.പി.ബി.സജി (ഇൻചാർജ്ജ്)<br>ശ്രീ.പി.സി.വിൽസൺ | 01.01.2017 മുതൽ 15.01.2017 വരെ<br>16.01.2017 മുതൽ 31.03.2017വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സജി പി ബി | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ അഖിൽ ഹരി | 01.04.2016 മുതൽ 31.03.2017വരെ |
| കൃഷി ഓഫീസർ | സുധീന്ദ്ര വൈ.എസ് | 01.04.2016 മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡേവിഡ് എബ്രഹാം | 01.04.2016 മുതൽ 12.12.2016 വരെ |

| | | |
|---|---|---|
| | ഡോ.ഷൈന.പി.കെ. | 13.12.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനു.ഓ ജി | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രിയേന്ദു | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | ഡോ.കിടാവ് ദർശൻ നാരായൺ | 01.04.2016 മുതൽ 31.03.2017വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ കെ കെ ബാലകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി വിമല സി | 01.04.2016 മുതൽ 31.03.2017വരെ |
| വി.ഇ.ഒ | ശ്രീ ഷൈജിത്ത് | 01.04.2016 മുതൽ 31.03.2017വരെ |

## ഉള്ളടക്കം



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – സർട്ടിഫിക്കറ്റ് വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | 2016-17വാർഷീകധനകാര്യപത്രിക- പരിശോധനയിൽകണ്ടെത്തിയഅപാകതകൾ | 2-1 |
| 12 | വസ്തു നികുതി- അപാകതകൾ | 2-2 |
| 13 | കെട്ടിട നിർമ്മാണ ലൈസൻസ്- അപാകതകൾ | 2-3 |
| 14 | ഡി &ഒ ലൈസൻസ്- അപാകതകൾ | 2-4 |
| 15 | തൊഴിൽ നികുതി അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 16 | ഫണ്ട് വിനിയോഗം -നിർവഹണത്തിലെ വീഴ്ച -പദ്ധതിപ്പണം നഷ്ടപ്പെടുന്നു. | 3-1 |
| 17 | അസി.എഞ്ചിനീയറുടെ പ്രൊജക്ട്നിർവഹണം കാര്യക്ഷമമല്ല. | 3-2 |
| 18 | അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ട് | 3-3 |

| | | |
|---|---|---|
| | ഫയലുകൾ സൂക്ഷിപ്പിലെ അപാകതകൾ | |
| 19 | P.H.C.യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ -അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാതെ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചു. | 3-4 |
| 20 | പാലിയേറ്റീവ് പരിചരണം-ബ്ലോക്ക്പഞ്ചായത്ത് വിഹിതം വിനിയോഗിച്ചില്ല. | 3-5 |
| 21 | പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ -മുഴുവൻ തുകക്കും ഉപകരണങ്ങൾ ലഭ്യമായില്ല. | 3-6 |
| 22 | ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ- മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല. | 3-7 |
| 23 | ഹോമിയോ ആശുപത്രിക്ക് മരുന്നവാങ്ങൽ- മാസങ്ങൾക്ക് ശേഷവും മരുന്നുകൾ ലഭ്യമായില്ല. | 3-8 |
| 24 | അങ്കണവാടി വർക്കർ -ഹെൽപ്പർ -അധിക വേതനം നൽകൽ --സർക്കാർ ഉത്തരവ് പാലിച്ചില്ല | 3-9 |
| 25 | പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ--പ്രൊജക്ട് നടത്തിപ്പിൽ അപാകതതൾ | 3-10 |
| 26 | പ്രഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം -ചെലവുതുകയുടെ വിശദാംശം ലഭ്യമാക്കിയില്ല. | 3-11 |
| 27 | കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമടവാക്കൽ--വിശദവിവരം ലഭ്യമാക്കിയില്ല. | 3-12 |
| 28 | പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം ,പരിപാലനം എന്നിവയിൽ കണ്ടെത്തിയ അപാകതകൾ | 3-13 |
| 29 | നെൽകൃഷിക്ക് കൂലിച്ചെലവ്സബ്സിഡി- ജില്ലാ പഞ്ചായത്ത് വിഹിതമായി 3,00,000 രൂപ അനുവദിച്ചിട്ടും തുക ചെലവഴിക്കുകയോ,ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ച നൽകുകയോ ചെയ്തിട്ടില്ല. | 3-14 |
| 30 | ഇടവിളകൃഷി വികസനം -വിത്ത് വിതരണംരേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1,59,375 രൂപ തടസ്സത്തിൽ വെക്കുന്നു. | 3-15 |
| 31 | പാട്ടകൃഷി വികസനം-ബ്ലോക്ക് പഞ്ചായത്തിന് വിഹിതംനൽകൽ-വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.ചെലവ് തുക 1,00,000രൂപ തടസ്സപ്പെടുത്തുന്നു. | 3-16 |
| 32 | പഞ്ചായത്താഫീസ് അടിസ്ഥാന സൗകര്യ വികസനം.- ക്യാഷ് ബില്ലിൽ സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെ വില രേഖപ്പെടുത്തി. ചെലവ് തുക 4,41,264,രൂപ തടസ്സത്തിൽ വെക്കുന്നു. | 3-17 |
| 33 | ഐ.എ.വൈ ഭവന പദ്ധതിക്ക് വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല ചെലവ് തുക 61,250 തടസ്സപ്പെടുത്തുന്നു. | 3-18 |
| 34 | ഐ.കെ,എം വിഹിതം നല്കൽ - വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-19 |
| 35 | ജി.എൽ .പി.സ്കൂൾ അരമ്പോൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കൽ -സ്റ്റോക്ക് രജിസ്റ്റർ,ക്യാഷ് ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. | 3-20 |

| | | |
|---|---|---|
| 36 | എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 5,00,000 രൂപ തടസ്സപ്പെടുത്തുന്നു. | 3-21 |
| 37 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തൊഴിലിനപേക്ഷിക്കുന്നവർക്ക് ആനുപാതികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. | 3-22 |
| 38 | കൈപറ്റ് രശീതി,വിനിയോഗവിവരം എന്നിവ ലഭ്യമായില്ല | 3-23 |
| | ഭാഗം 4 | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 23.01.2017 തിയതിയിലെ 01/17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 11-07-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 18.09.2017 | കെ.എസ്.എ/കെ.കെ.ഡി /പി.6/1835/2017 തീയതി 11.10.2017 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16754041 |
| വരവ് | 39756938 |
| ആകെ | 56510979 |
| ചെലവ് | 33953670 |
| നീക്കിയിരിപ്പ് | 22557309 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 11747517 | 11747517 | 8414014 | 3333503 | 71.6 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2219856 | 2219856 | 1785810 | 434046 | 80.4 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11511807 | 11511807 | 3128609 | 8383198 | 27.17 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3184632 | 3184632 | 848959 | 2335673 | 26.65 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8306952 | 8306952 | 2741590 | 5565362 | 33 |
| എം.എൻ.ആർ.ഇ.ജി.എസ്. | 17017 | 23706939 | 23723956 | 23682761 | 213551195 | 99.8 |
| ബി ഫണ്ട് | 0 | 34240205 | 34240205 | 34240205 | 0 | 100 |
| മറ്റുള്ളവ | | 3710936 | 3710936 | 1729984 | 1980952 | 46.6 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 3129333 | 58 | 1003290 | 13 | 108 | 32.4 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 74.9 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1837016 | 3558567 | 1721551 | 93.71 |
| നികുതിയേതര വരവുകൾ | 279121 | 388276 | 9155 | 39.1 |
| മറ്റുവരവുകൾ | 318377 | 311589 | 6788 | -2.2 |
| ആകെ | 2434514 | 4258432 | 1823918 | 74.9 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 303960 | 179 |
| കർഷകതൊഴിലാളി പെൻഷൻ | 7154230 | 2362 |
| വിധവാപെൻഷൻ | 11651900 | 2939 |
| വാർദ്ധക്യകാലപെൻഷൻ | 12135435 | 3143 |
| വികലാംഗപെൻഷൻ | 2813500 | 891 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 181180 | 57 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 9082 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/05/2017 | 4/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/03/2006 | 1997/98-2004-05 | എൻ.ബി.എ (എച്ച്.ക്യൂ ), 111/8എ-965/156 തീ.12.05.2006 |

# ഭാഗം-2

<u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 2016-17വാർഷീകധനകാര്യപത്രിക-പരിശോധനയിൽകണ്ടെത്തിയഅപാകതകൾ

2016-17സാമ്പത്തിക വർഷത്തെ വാർഷീക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1. കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം ഓരോ മാസവും 10ാം തീയ്യതിക്ക് മുന്നേ കഴിഞ്ഞമാസത്തെ രസീറ്റ് ആന്റ് പെയ്മന്റ് പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച്അംഗീകാരംവാങ്ങണം.എന്നാൽ2016-17സാമ്പത്തീകവർഷംഏപ്രിൽ,ഒക്ടോബർ,നവംബർ,മാർച്ച് എന്നീ മാസങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ ഇത് പാലിച്ചിട്ടില്ല.10ാം തീയ്യതിക്ക് ശേഷമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയത്.

•

2. 2016-17 സാമ്പത്തീക വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല. സ്റ്റോക്കിന്റെ പ്രാരംഭ മൂല്യം,തൻവർഷത്തെ പർച്ചേസുകളുടെ മൂല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ തയ്യാറാക്കിയിട്ടില്ല.

4. 2015-16 വാർഷീക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 25,83,200/രൂപയാണ് . എന്നാൽ 2016-17 വാർഷീക കണക്ക് പ്രകാരം വസ്തു നികുതി അരിയർ കളക്ഷനായിലഭിച്ചത് 14,87,285/ രൂപയും അരിയർ ബാലൻസായി14,32,103.6 /രൂപയുമാണ്. (ലൈബ്രറി സെസ് ഒഴികെ) ആകെ29,19,388.6/രൂപ. വസ്തു നികുതി അരിയർ ഇനത്തിൽ 3,36,188.6/ രൂപയുടെ വ്യത്യാസംഉണ്ട്.വസ്തു നികുതിയിലെ സാംഖ്യ,സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

5. നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണ പ്രോജക്ടിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി

നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

6. പഞ്ചായത്തിന് പിരിഞ്ഞുകിട്ടാനുള്ളതുകയിൽ ലഭ്യത സംശയാസ്പദമാണങ്കിൽ അവയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തണമെന്നിരിക്കെ ആയത് വാർഷീക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. പഞ്ചായത്തിൽ പെർമനന്റ് അഡ്വാൻസ് ഇനത്തിൽ 2016-17 വർഷം തുകകളൊന്നും നീക്കിവെച്ചിട്ടില്ല.

8. 2015-16വർഷത്തെ ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച വാർഷീക ധനകാര്യ പത്രികയിലെ അപാകതകൾ ഇനിയും പരിഹരിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 21/16-17 തീയ്യതി 27.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.വാർഷീക ധനകാര്യ പത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-2 <u>വസ്തു നികുതി- അപാകതകൾ</u>

വേളം ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട അസസ്മെന്റ് രജിസ്റ്ററുകൾ,നികുതി നിർണ്ണയ ഫയലുകൾ,സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡിജിറ്റൽ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ നികുതി നിർണ്ണയത്തിലും വസ്തുനികുതി പരിഷ്കരണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിലെ അപാകതകൾ

24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് വസ്തു നികുതി നിർണ്ണയ,പരിഷ്കരണ നടപടികൾ നിർവ്വഹിക്കുന്നത്. സോഫ്റ്റ്‌വെയർ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

i) സഞ്ചയ റിപ്പോർട്ട് പ്രകാരം വസ്തുനികുതി ഡിമാന്റ് പത്രികയുടെ സംക്ഷിപ്തത്തിൽ മുൻവർഷം അധികമായി വാങ്ങിച്ച തുക ബുക്ക് അഡ്ജസ്റ്റ്മെന്റായി രേഖപ്പെടുത്തി ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഏതെല്ലാം ഡിമാന്റുകൾക്കാണ് ഇപ്രകാരം ഇളവനുവദിക്കുന്നതെന്ന് വിശദമാക്കുന്ന പട്ടിക സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്നില്ല.ഇക്കാരണത്താൽ ഡിമാന്റിൽ നിന്നും ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരം കുറവ് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ii) നികുതി നിർണ്ണയം, പിരിവ്, പരിഷ്കരണം എന്നിവയ്ക്ക് സഹായകമാവുന്ന തരത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച്

നൽകുന്നതിന് സോഫ്റ്റ്‌വെയറിന് സാധിക്കുന്നില്ല.

ഉദാ : കാലഹരണ സമയ പരിധിയിലെത്തി നിൽക്കുന്ന കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ പ്രത്യേക റിപ്പോർട്ടായി ലഭ്യമാകുന്നില്ല.ആയതിനാൽ ഇത്തരം കെട്ടിടങ്ങളുടെ നികുതി പിരിവിന് അടിയന്തിര പ്രാധാന്യം നൽകി പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല.

iii) സോഫ്റ്റ്‌വെയറിലെ ഡിജിറ്റൽ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഓഡിറ്റർക്ക് ലോഗിൻ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

iv) വേളം ഗ്രാമപഞ്ചായത്തിലെ ഓഫീസ് ആവശ്യത്തിന്റെ ഉപയോഗ ക്രമത്തിൽ വരുന്ന കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചതിൽ വസ്തുനികുതിയിലുണ്ടാകുന്ന വർദ്ധനവ് ചട്ട വിരുദ്ധമായി 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| വാർഡ് / കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | നിലവിലുള്ള വസ്തു നികുതി. | വസ്തു നികുതി പരിഷ്കരണത്തിൽ വർദ്ധനവ് പരിമിതപ്പെടുത്തിയതിന് ശേഷമുള്ള നികുതി | ബാധകമായ നികുതി നിരക്ക്. | ഈടാക്കേണ്ടിയിരുന്ന വസ്തുനികുതി. | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 4/339 കാപ്പുംചാലിൽ ബാബു. | 40 | 148 | 370* (വർദ്ധനവ് 150 ശതമാനത്തിൽ പരിമിതപ്പെടുത്തി) | 35/ ച.മീ. | 1540 (40x35=1400 -ഇളവ് 140+ വർദ്ധനവ് 280) | 1170 |

27.04.2015 ലെ സ.ഉ(എം.എസ്) നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവ് പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്. നിലവിലുള്ള ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് പരിമിതപ്പെടുത്തേണ്ടതില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട 21 കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്താത്തതിനാലാണ് ഓഫീസ് ആവശ്യം എന്ന് ഉപയോഗക്രമം രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതിയിലെ വർദ്ധനവ് 150 ശതമാനത്തിൽ പരിമിതപ്പെടുത്തപ്പെട്ടിട്ടുള്ളത്. മേൽ ഉത്തരവിന് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ 2013-14 മുതൽ ഒരോ വർഷവും ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. അപാകതക്ക് ഉത്തരവാദികളിൽ നിന്നും വിശദീകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇപ്രകാരമുള്ള അനർഹമായ ഇളവുകൾ അനുവദിക്കപ്പെട്ടത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപെട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

v) ഒരു നിശ്ചിത സമയ പരിധിയിലെ കെട്ടിടങ്ങളുടെയോ, വസ്തു നികുതിയുടെയോ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് സോഫ്റ്റ്‌വെയറിൽ സംവിധാനമില്ല.

ഉദാ- 2016-17 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റിപ്പോർട്ട് സഞ്ചയയിൽ നിന്നും ലഭ്യമാകില്ല.

3.വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

i) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013

/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനവും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 35/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 70/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.വാണിജ്യാവശ്യം എന്ന ഒറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് /ഉപയോഗ ക്രമം | ഇടാക്കേണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം, നിരക്ക് | ഈടാക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 12/412 എ,<br>മുതൽ 12/412 ഇ വരെയുള്ള നമ്പറുകൾ.<br>തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | ശ്രീ.അയൂബ് വില്ലിയുള്ളതിൽ പള്ളിയത്ത് | 136.16 | 35/<br>100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യം | അടിസ്ഥാന വസ്തുനികുതി-9461<br>വർദ്ധനവ്- (+20%)= 1892<br>ഇളവ്- ഇല്ല<br>ആകെ=11353 | 35/<br>100 ച.മീ വരെയുള്ള വാണിജ്യാവശ്യം | 5026 | 6327 |
| ആകെ | | | | | | | | 6327 |

കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും സോഫ്റ്റ്വെയറിൽ തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി മുകളിൽ പറഞ്ഞിരിക്കുന്ന ശ്രീ.അയൂബ് വില്ലിയുള്ളതിൽ പള്ളിയത്ത് എന്നവരുടെ കെട്ടിട നിർമ്മാണ പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം ആകെ തറവിസ്തീർണ്ണം 136.16 ച.മീ ആണ്. എന്നാൽ ഓരോ മുറിയും വിഭജിച്ച് നമ്പർ നൽകിയത് മൂലം പൊതു ഉപയോഗത്തിലുള്ള ഭാഗങ്ങൾ നികുതിനിർണ്ണയ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടുകയും തന്മൂലം നികുതി കുറയുകയും ചെയ്തിട്ടുണ്ട്.മേൽ കെട്ടിടത്തിന്റെ 123.05 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്.ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമവും തറവിസ്തീർണ്ണവും രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4.വസ്തു നികുതി പിരിവിലെ അപാകതകൾ

2016-17 വാർഷികകണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി ഇനത്തിലെ ആകെ ഡിമാന്റ് തുക 5196998 രൂപയാണ്.ആയതിൽ 2714213 രൂപ 2015-16 വരെയുള്ള കുടിശ്ശികയാണ്.തൻ വർഷം വസ്തുനികുതിയിനത്തിൽ 3024347 രൂപയാണ് ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്തിട്ടുള്ളത്. 2172651 രൂപ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും കുടിശ്ശിക തുക സാമ്പത്തികാടിസ്ഥാനത്തിൽ വേർതിരിച്ച് ലഭ്യമാകാത്തതിനാലും ഡിമാന്റ് രജിസ്റ്റർ/ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിനാലും കാലഹരണ പരിധി പിന്നിട്ട തുക തിട്ടപ്പെടുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.2016-17 വർഷത്തിൽ വസ്തുനികുതി കുടിശ്ശിക തുക മുഴുവനായും പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 3 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. 2013-14 വർഷം മുതൽ മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയാണെന്ന് സഞ്ചയയിൽ നിന്നും വ്യക്തമാകുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | നം/ഉടമയുടെ പേര് | വാർഷിക വസ്തു നികുതി | സഞ്ചയ പ്രകാരം കുടിശ്ശിക |
|---|---|---|---|
| 1 | 3/42 | 12000 | 60000 |

| | | | |
|---|---|---|---|
| | എസ്.ആർ.ബാബു,<br><br>,വോഡാഫോൺ എസ്സാർസെല്ലുലാർ ലിമിറ്റഡ്,എർണാകുളം. | | |
| 2 | 5/403 A<br><br>ഷാജി തട്ടിൽ<br><br>,സീനിയർ എക്സിക്യൂട്ടീവ്,ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ. | 12000 | 60000 |
| 3 | 14/29<br><br>ബിജു.ടി.നായർ മാനേജർ<br><br>,വോഡാഫോൺ എസ്സാർസെല്ലുലാർ ലിമിറ്റഡ്,എർണാകുളം. | 12950 | 64750 |
| ആകെ | | | 184750 |

സഞ്ചയ പ്രകാരം 2013-14 മുതലുള്ള കുടിശ്ശിക മാത്രമെ ലഭ്യമാവുകയുള്ളു.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ കുടിശ്ശിക തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.മൊബൈൽ ടവറിന്റെ ഉടമകൾ ഭീമമായ കുടിശ്ശിക വരുത്തിയിട്ടും നാളിതുവരെ നികുതി ഈടാക്കുന്നതിന് നടപടികളൊന്നും സ്വീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-22/17,തീയതി.27.09.2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.തെറ്റായ രീതിയിൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണ ലൈസൻസ്- അപാകതകൾ

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട കെട്ടിടനിർമ്മാണ പെർമ്മിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതുവരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ രജിസ്റ്റർ അപൂർണ്ണമാണ്.ഭൂരിഭാഗം കോളങ്ങളിലും രേഖപ്പെടുത്തലുകളൊന്നും നടത്തുന്നില്ല.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്കരിച്ച കെട്ടിടങ്ങളെ സംബന്ധിച്ച ഒരു രജിസ്റ്റർ അനുബന്ധം ജെ. മാതൃകയിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ക്രമവത്കരിച്ച കെട്ടിടങ്ങളെ സംബന്ധിച്ച യാതൊരു രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി സൈറ്റ്/സർവ്വീസ് പ്ലാൻ അംഗീകരിക്കുകയോ, എന്തെങ്കിലും കാരണങ്ങളാൽ നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ വീഴ്ചയുണ്ടായി. പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല.ഉദാ- 2016-17 വർഷത്തെ കെട്ടിട നിർമ്മാണ ലൈസൻസ് അപേക്ഷാരജിസ്റ്ററിലെ 1,2,3,4 ക്രമനമ്പരായുള്ള അപേക്ഷകൾ. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, എന്നുള്ള വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ഫയൽ അന്വേഷണം നടത്തി സമയബന്ധിതമായി സെക്ഷനിൽ തിരികെ ലഭ്യമാക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുന്നു.ഒരു ഉദാ- ക്രമ നം.36 ആയുള്ള അപേക്ഷ. അപേക്ഷ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 02.05.2016 തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത് 14.06.2016 തീയതിയിലാണ് .അന്വേഷണ റിപ്പോർട്ടുകൾ ലഭ്യമായതിന്

ശേഷവും അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി കാണുന്നു.ഉദാ-അപേക്ഷാ രജിസ്റ്ററിലെ 31 ക്രമനമ്പറായുള്ള അപേക്ഷ.

വേളം ഗ്രാമപഞ്ചായത്ത് കാറ്റഗറി II വിലാണ് ഉൾപ്പെടുന്നത്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പട്ടിക 2 പ്രകാരം കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ പരമാവധി വ്യാപ്തി 55 ശതമാനമാണ്.എന്നാൽ ലത്തീഫ് മാവുള്ള പറമ്പിൽ ,കുറിച്ചകം എന്നവരുടെ 11.07.2016 തീയതിയിലെ കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷയിൽ (ഫയൽ.നം-എ3-3661/16) 64% വ്യാപ്തിയുള്ള കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകിയതായി കാണുന്നു.സെക്രട്ടറി അംഗീകരിച്ച് നൽകിയ പ്ലാനിൽ 64 % കവറേജ് രേഖപ്പെടുത്തിയിട്ടുണ്ട്. സമ്മേളന വിനിയോഗ ഗണത്തിൽ (ഗണം-ഡി) നിർമ്മാണ അനുമതിക്കായി സമർപ്പിക്കപ്പെട്ട അപേക്ഷ മതപരമായ സമ്മേളനങ്ങൾക്കാവശ്യമായ കെട്ടിടനിർമ്മാണത്തിന് കളക്ടറിൽ നിന്നും അനുമതി തേടേണ്ടതുണ്ടെന്നും ചട്ടം 27(4) പ്രകാരം ആവശ്യമായ 2 മീറ്റർ പിന്നാമ്പുറം കെട്ടിടത്തിനില്ലെന്നും ഓവർസിയർ അന്വേഷണറിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് നിർദ്ദേശം നൽകിയത് സംബന്ധിച്ച രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.തുടർന്ന് പ്ലാൻ വാണിജ്യാവശ്യത്തിനുള്ള കെട്ടിട ഗണത്തിൽ രേഖപ്പെടുത്തി അപേക്ഷകൻ പുനർസമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 05.11.2016 തീയതിയിൽ എ3-3661/16 നമ്പറായി അപേക്ഷകന് നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്. 64% വ്യാപ്തിയുള്ള കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്/ ഫയൽ നം | കെട്ടിടത്തിന്റെ വിനിയോഗ ഗണം | തറവിസ്തീർണ്ണം | ബാധകമായ പെർമിറ്റ് ഫീ നിരക്ക് | ഈടാക്കിയ പെർമിറ്റ് ഫീ | ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീ | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| മുഹമ്മദ് റാഫി, കീരം കുന്നമ്മൽ,എ3-1993/16 | പാർപ്പിടാവശ്യം | 208.37 ച.മീ | 3 | 320 | 625 | 305 |
| പവിത്രൻ പാലയുള്ള പറമ്പ്. എ3-3690/16 | പാർപ്പിടാവശ്യം | 170.94 | 3 | 375 | 513 | 138 |
| ആകെ | | | | | | 443 |

ഗ്രാമപഞ്ചായത്തുകളുടെ കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ചെടുത്ത സങ്കേതം സോഫ്റ്റ്‌വെയർ വിന്യസിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യവും ഉപകരണ ലഭ്യതയും ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിട്ടും സോഫ്റ്റ്‌വെയർ വിന്യസിക്കാത്തത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 27.09.2017 തീയതിയിൽ നൽകിയ 23/17 നം ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.സങ്കേതം സോഫ്റ്റ്‌വെയർ അടിയന്തിരമായി വിന്യസിക്കേണ്ടതും കെട്ടിട നിർമ്മാണ ലൈസൻസ് അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പരിധിയിൽ കവിഞ്ഞ വ്യാപ്തിയുള്ള വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചതിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-4 ഡി&ഒ ലൈസൻസ്- അപാകതകൾ

വേളം ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷകൾ ,രജിസ്റ്ററുകൾ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ഒരു ദിവസത്തെ ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ്

ഫീസ് നിർണ്ണയിക്കേണ്ടത്. എന്നാൽ ലൈസൻസിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഉദാഹരണം- ലൈസൻസ് രജിസ്റ്ററിലെ 1,14, 32 ക്രമ നമ്പറായുള്ള അപേക്ഷകൾ.2016-17 വർഷത്തിൽ 5 അപേക്ഷകർ മാത്രമാണ് മുൻകൂറായി ലൈസൻസ് എടുത്തിട്ടുള്ളത്.

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 1528 കെട്ടിടങ്ങളുണ്ട്.എന്നാൽ 117 സ്ഥാപനങ്ങൾ മാത്രമാണ് 2016-17 വർഷത്തിൽ ലൈസൻസ് എടുത്തിട്ടുള്ളത്.ആയത് മുൻവർഷത്തേക്കാൾ 9 എണ്ണം കുറവുമാണ്.മേൽ വിവരങ്ങളിൽ നിന്നും പഞ്ചായത്തിലെ മുഴുവൻ വ്യാപാരസ്ഥാപനങ്ങളും ഡി.&ഒ ലൈസൻസ് എടുത്തിട്ടില്ലെന്ന് വ്യക്തമാകുന്നു. പഞ്ചായത്തിലെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഉടമകൾ 2016-17 വർഷം വേകൻസി റെമിഷൻ മുഖേനയുള്ള വസ്തുനികുതി ഇളവിന് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ കുറവാണെന്ന് ഓഡിറ്റ് അനുമാനിക്കുന്നു . കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 205.ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകി കെട്ടിടം ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ശേഖരിക്കുകയോ ഫീൽഡ് പരിശോധന നടത്തി നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. 2016-17 വർഷത്തേക്ക് ട്രേഡേഴ്സ് ലിസ്റ്റും തയ്യാറാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-24/17, തീയതി.27.09.2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. 25.8 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഗ്രാമപഞ്ചായത്തിൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 117 സ്ഥാപനങ്ങൾ മാത്രമെ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്നുള്ളൂ.ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി അപാകതകൾ

വേളം ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ , റിട്ടേണുകൾ, ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും ജീവനക്കാരുടെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ഫോറം II ൽ വേതന വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യുന്നില്ല.ഉദാ- ധന്യ.പി.എന്നവരുടെ ഉടമസ്ഥതയിലുള്ള ഭാരത് പെട്രോളിയം ഫ്യവൽ സ്റ്റേഷനിൽ 4 ജീവനക്കാർ പ്രവർത്തിക്കുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ സ്ഥാപനത്തിൽ നിന്നും റിട്ടേൺ ലഭ്യമാക്കിയിട്ടില്ല.

2.കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റ്, വേളം സർവ്വീസ് കോ-ഓപറേറ്റീവ് ബാങ്ക് എന്നിവരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3.തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 27.09.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം-25/17) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം -നിർവഹണത്തിലെ വീഴ്ച -പദ്ധതിപ്പണം നഷ്ടപ്പെടുന്നു.

വേളം ഗ്രാമപഞ്ചായത്തിലെ 2015-16,16-17സാമ്പത്തികവർഷത്തെ ഫണ്ടുകളുടെ ലഭ്യത ആയതിന്റെ വിനിയോഗം എന്നിവ പരിശോധിച്ചതിൽവിവിധ ഫണ്ടുകളിലായി സാമ്പത്തികവർഷം വരവുവന്ന തുകകളിൽ പദ്ധതിനടത്തിപ്പിലെചെലവുകുറഞ്ഞതിനാൽ നല്ലൊരുതുക സഞ്ചിതനിധിയിലേക്ക് തിരികെ പ്പോയിരിക്കയാണ്.

2015-16,16-17 വർഷങ്ങളിലെഫണ്ടുകളുടെ ലഭ്യത വിനിയോഗം എന്നിവ സംബന്ധിച്ച സാമ്പത്തികവർഷം തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു.

2015-16 സാമ്പത്തിക വർഷത്തെ ഫണ്ടുകളുടെ ലഭ്യത വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻ വര്ഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിതനിധിയിലേക്ക് തിരികേപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 9533000 | 4137598 | 8978986 | 13116584 | 9630712 | 73.4 | 3485872 |
| s.c.p | 1982000 | 2294491 | 1982000 | 4276491 | 1240539 | 29 | 3035952 |
| T.S.P | - | - | - | - | - | - | - |
| 13ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 4849000 | 4419222 | 3696621 | 8115843 | 6054207 | 74.5 | 2061636 |
| M.Gനോൺറോഡ് | 2892000 | 3402818 | 2193000 | 5595818 | 1247067 | 22.2 | 4348751 |
| M.G.റോഡ് | 10454000 | 3984076 | 8996000 | 12980076 | 8107043 | 62.4 | 4873033 |
| ലോകബാങ്ക്സഹായം | -------- | 3316805 | ------- | 3316805 | 3055960 | 92.1 | 260845 |
| ആകെ | | 21555010 | 25846607 | 47401617 | 29335528 | 61.8 | 18066089 |
| | | | | | | | |

2016-17വർഷത്തെ ഫണ്ടുകളുടെ ലഭ്യത വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻ ബാക്കി | തൻ വര്ഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് % | സഞ്ചിതനിധിയിലേക്ക് തിരികേപ്പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് - പൊതു വിഭാഗം | 9460000 | -- | 11747517 | 11747517 | 8414014 | 71.6 | 3333503 |
| s.c.p | 2220000 | -- | 2219856 | 2219856 | 1785810 | 80.4 | 434046 |
| T.S.P | - | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 3185000 | -- | 3184632 | 3184632 | 848959 | 26.6 | 2335673 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 11512000 | -- | 11511807 | 11511807 | 2829447 | 24.5 | 8682360 |
| 13ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 5825000 | -- | 6588559 | 6588559 | 2741590 | 41.6 | 3846969 |
| ലോകബാങ്ക്സഹായം | -- | -- | 2543311 | 2543311 | 1729984 | 68 | 813327 |
| ആകെ | | | 37795862 | 37795862 | 18349804 | 48.5 | 19445878 |

2015-16, സാമ്പത്തികവർഷത്തിൽ വിവിധ ഫണ്ടുകളിലായി മുൻബാക്കി അടക്കംസർക്കാരിൽ നിന്നും ലഭിച്ച 47401617രൂപയിൽ 2933528രൂപമാത്രമാണ്ചെലവഴിച്ചിരിക്കുന്നത്.തൻവർഷത്തെ ഈ ഇനങ്ങളിലുള്ള ചെലവുശതമാനം61.8% ആണ്.ചെലവഴിക്കാതെ 18066089രൂപ സഞ്ചിതനിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലും മേൽ പ്രകാരം സർക്കാരിൽനിന്നും വിവിധ ഫണ്ടിനങ്ങളിലായി 37795862 രൂപ ലഭിച്ചതിൽ 18349804രൂപമാത്രമെ ചെലവഴിക്കപ്പെട്ടിട്ടുള്ളു. ചെലവുശതമാനം 48.5.ചെലവഴിക്കാതെ 19445878 രൂപ സഞ്ചിതനിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്.നിർവഹണ ഉദ്യോഗസ്ഥരുടെ അടിസ്ഥാനത്തിൽ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയതും ചെലവഴിക്കപ്പെട്ടിട്ടു ള്ളതുമായ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

2015-16സാമ്പത്തിക വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം

| നിർവഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷിഓഫീസർ | 4 | 3 | 1869700 | 747400 |
| വെറ്റിനറി സർജൻ | 5 | 3 | 5075000 | 1988000 |
| മെഡിക്കൽഓഫീസർ P.H.C | 3 | 3 | 440000 | 331078 |
| മെഡിക്കൽഓഫീസർആയുർവേദം | 1 | 1 | 200000 | 200000 |
| V.E.O | 15 | 7 | 5320500 | 2372500 |
| I.C.D.S സൂപ്പർ വൈസർ | 5 | 5 | 4281953 | 3327107 |
| M.O.ഹോമിയോ | 1 | 1 | 100000 | 100000 |
| സെക്രട്ടറി | 140 | 65 | 37728534 | 16585507 |
| ഹെഡ് മാസ്റ്റർ | 1 | 1 | 1000000 | 1000000 |
| അസി എൻജിനിയർ | 18 | 18 | 4293218 | 4022593 |
| അസി.സെക്രട്ടറി | 5 | 5 | 2559800 | 929107 |
| ആകെ | 198 | 112 | 62868705 | 31603289 |

2016-17സാമ്പത്തിക വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം

| നിർവഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷിഓഫീസർ | 7 | 5 | 7520715 | 1009875 |
| വെറ്റിനറി സർജൻ | 2 | 2 | 1449000 | 1239000 |
| മെഡിക്കൽഓഫീസർ P.H.C | 4 | 4 | 585000 | 472976 |
| മെഡിക്കൽഓഫീസർ ആയുർവേദം | 2 | 2 | 400000 | 4000 |
| V.E.O | 15 | 10 | 5980850 | 2279850 |
| I.C.D.S സൂപ്പർ വൈസർ | 5 | 5 | 4465700 | 3617470 |
| DE.O | 1 | 1 | 200000 | 200000 |

| | | | | |
|---|---|---|---|---|
| സെക്രട്ടറ | 35 | 14 | 7415688 | 3019184 |
| ഹെഡ് മാസ്റ്റർ | 4 | 2 | 873500 | 700000 |
| അസി എൻജിനിയർ | 93 | 20 | 35154955 | 6316188 |
| അസി.സെക്രട്ടറി | 10 | | 3129333 | 1003290 |
| M.O.ഹോമിയോ | 1 | 1 | 100000 | 100000 |
| ആകെ | 179 | 73 | 67274741 | 20357650 |

2015-16 സാമ്പത്തിക വർഷത്തിൽ 198പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന112 പ്രൊജക്ടുകൾക്ക് പണം ചെലവഴിക്കപ്പെട്ടിട്ടുണ്ട്.വിവിധ ഫണ്ടിനങ്ങളിലായിസാമ്പത്തിക വർഷം62868705രൂപ വകയിരുത്തിയതിൽ31603289രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് 2015-16സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രൊജക്ടുകൾ കൂടുതലും നടപ്പിലാക്കിയിരിക്കുന്നത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായിട്ടാണ്.ആയതിനാൽ സെക്രട്ടറ നടപ്പിലാക്കിയ പ്രൊജക്ടുകളിൽ ചെലവുകുറഞ്ഞതിനാൽ ആയത് സാമ്പത്തിക വർഷത്തിൽ മൊത്തം ചെലവുകുറയാൻ കാരണമായി. മരാമത്ത് പ്രൊജക്ടുകളിൽ ചെലവുകുറഞ്ഞതിനാൽ സർക്കാരിൽ നിന്നും ലഭിച്ച ഉകകളിൽനല്ലൊരു ശതമാനംസഞ്ചിത നിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ സർക്കാരിൽ നിന്നുംലഭിച്ച ഫണ്ടുകളിൽ61.8% മാത്രമാണ്വിനിയോഗിക്കപ്പെട്ടിട്ടുള്ളത്.

2016-17 സാമ്പത്തികവർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ മുഖേന179 പ്രൊജക്ടുകൾക്ക്1 അംഗീകാരം ലഭിച്ചതിൽ 73 പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കപ്പെട്ടിരിക്കുന്നത്.ആയതിന് വിവിധ ഫണ്ടിനങ്ങളിലായി 67274741 രൂപ വകയിരുത്തിയതിൽ20357650 രൂപമാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്.പ്രൊജക്ട് നിർവഹണം പരിശോധിച്ചതിൽ അസി.എഞ്ചിനീയർ ,സെക്രട്ടറി വി.ഇ.ഒ. എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ വിഭാവനം ചെയ്ത ഭൂരിഭാഗംപ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്.സാമ്പത്തിക വർഷം വിവിധ ഫണ്ടിനങ്ങളിലായി സർക്കാരിൽ നിന്നുംലഭിച്ച തുകയിൽ വെറും 48.5%മാത്രമാണ് വിനിയോഗം.ആയതിനാൽ 19445878 രൂപ സഞ്ചിതനിധിയിലേക്ക് തിരികേപ്പോയിട്ടുണ്ട്.അസി എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 93 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ വെറും20 പ്രൊജക്ടുകളിൽ മാത്രമാണ് തുക ചെലവഴിക്കപ്പെട്ടിരിക്കുന്നത്.ചെലവുശതമാനം വളരെക്കുറയാൻ പ്രധാനകാരണം അസി.എഞ്ചിനീയറുടെ പ്രൊജക്ടുനിർവഹണത്തിലെ അപര്യാപ്തതയാണ്.

മുൻ വർഷങ്ങളിൽ ചെലവുകുറഞ്ഞതിനാൽ ഷോർട്ട് ഫാൾ ഇനത്തിൽ 2015-16സാമ്പത്തിക വർഷത്തിൽ മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ഇനത്തിൽ699000 രൂപയും മെയിന്റനൻസ് ഗ്രാന്റ് റോഡ്ഇനത്തിൽ 1458000 രൂപയും കുറവുവന്നിട്ടുണ്ട്. ലോകബാങ്ക്സഹായമിനത്തിൽ 2015-16സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന് തുകയൊന്നും ലഭ്യമായിട്ടില്ല.2014-15 സാമ്പത്തിക വർഷത്തിൽ ലോകബാങ്ക്സഹായമിനത്തിൽ ലഭിച്ച തുകയിൽ 43% മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്.അടുത്ത സാമ്പത്തിക വർഷത്തിൽ(2015-16)ലോകബാങ്ക് സഹായം ലഭ്യമാവാതിരിക്കാൻ ഇത് കാരണമായിട്ടുണ്ടാവാം. ഫണ്ടുകളിലൊന്നുംതന്നെ 2015-16നെഅപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽകുറവ് ഉണ്ടായിട്ടില്ല.

## 3-2 അസി.എഞ്ചിനീയറുടെ പ്രൊജക്ട്നിർവഹണം കാര്യക്ഷമമല്ല.

2016-17 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 29 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 93 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 5 സ്പിൽ ഓവർപ്രൊജക്ടുകൾ ഉൾപ്പെടെ 20 പ്രൊജക്ടുകൾക്ക് മാത്രമാണ് തുകചെലവഴിച്ചിരിക്കുന്നത്.പ്രൊജക്ടുകൾക്ക് വിവിധ ഫണ്ടിനങ്ങളിലായി35154955 രൂപ വകയിരുത്തിയതിൽ 6316188 രൂപ മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്.വകയിരുത്തി.യ തുകയുടെ17.9% മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. അസി എഞ്ചിനീയർ നിർവഹണം നടത്തുന്നതിനായിവകയിരുത്തിയ തുകയുടെയും വിനിയോഗിക്കപ്പെട്ടിട്ടുള്ള തുകയുടെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവുശതമാനം |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 1651647 | - | 0 |
| S.C.P | 1346416 | 472931 | 35 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5666172 | 1001326 | 17.6 |

| | | | |
|---|---|---|---|
| ലോകബാങ്ക് സഹായം | 3640936 | 1659984 | 45.5 |
| തനത് ഫണ്ട് | 3208369 | - | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം | 35780 | -- | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 500000 | -- | 0 |
| M.G.റോഡ് | 14357526 | 2865581 | 20 |
| M.G നോൺ റോഡ് | 4243109 | 316366 | 7.4 |
| മറ്റുള്ളവ | 50500 | --- | 0 |

പ്രൊജക്ടുകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ കണക്കുകൾ പരിശോധിച്ചാൽ ലോകബാങ്ക് സഹായമിനത്തിൽ ലഭിച്ച തുകയിൽ നിന്നുമാത്രമാണ് അൽപമെങ്കിലുംഭേദപ്പെട്ട നിലയിൽ തുക ചെലവഴിച്ചിരിക്കുന്നത്.വികസനഫണ്ട് ,തനത് ഫണ്ട് ,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നീ ഇനങ്ങളിലൊന്നുംതന്നെ തുക ചെലവഴിച്ചതായി കാണുന്നില്ല.മെയിന്റനൻസ് ഗ്രാന്റ് റോഡ് ,നോൺറോഡ് ഇനങ്ങളിൽ ചെലവുശതമാനം കുറവായതിനാൽ ഈ ഇനത്തിൽ സർക്കാരിൽനിന്നും ലഭിച്ചതുകയിൽ ഭൂരിഭാഗം തുകയും സഞ്ചിതനിധിയിലേക്ക് തിരികെപ്പോയിരിക്കയാണ്. പ്രൊജക്ടുനിർവഹണത്തിലെ അപര്യാപ്തതമൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-3 അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ട് ഫയലുകൾ സൂക്ഷിപ്പിലെ അപാകതകൾ

2016-17സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പ്രൊജക്ടുകളുടെ ഫയൽ സൂക്ഷി പ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 പ്രവർത്തി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് കമ്മറ്റിറിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല

2 കരാറുകാരിൽ നിന്നും കോമ്പൗണ്ടിംഗ് നിരക്കിലാണ് വാറ്റ് ഈടാക്കിയിരിക്കുന്നത്.എന്നാൽ കരാറുകാർ വാറ്റ് കോമ്പൗണ്ട് ചെയ്തതിന്റ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3 കൺവീനർ പ്രവർത്തികളിൽ ഭൂരിഭാഗത്തിലും കമ്മറ്റി അംഗീകരിച്ച പ്രവർത്തിയുടെ വരവുചെലവുകണക്ക് ഹാജരാക്കിയിട്ടില്ല.

4 കരാറുകാരൻ തുക കൈപറ്റിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-4 P.H.C.യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ -അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാതെ ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചു.

പ്രൊജക്ട് നമ്പർ 253/17

വകയിരുത്തിയ തുക 75000(ലോകബാങ്ക് സഹായം 70000, തനത് ഫണ്ട് 5000)

ചെലവഴിച്ചതുക 73444,
നിർവ്വഹണം – മെഡിക്കൽ ഓഫീസർ
ബിൽ നമ്പർ9/16-17തി30.3.17-70000 ;ch no 1405555തി30.3.17 -3444)

P.H.C.യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽപ്രൊജക്ട് പ്രകാരം മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി

73444രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്.എന്നാൽ ലാബ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.ഇതിൽനിന്നും അടിസ്ഥാന സൗകര്യങ്ങൽ ഒരുക്കാതെയാണ് ലാബ് ഉപകരണങ്ങൾക്കായി തുക ചെലവഴിച്ചിരിക്കുന്നതെന്ന് വ്യക്തമാവുന്നു.മാത്രമല്ല അടവാക്കിയ തുകക്ക് ലഭ്യമാകേണ്ട ലാബ് ഉപകരണങ്ങൾ ഒന്നുംതന്നെ മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നുംനാളിതുവരെ ലഭ്യമായിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ചതുക തടസ്സത്തിൽ വെക്കുന്നു.

## 3-5 പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ -മുഴുവൻ തുകക്കും ഉപകരണങ്ങൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നമ്പർ 95/17

വകയിരുത്തിയ തുക 50000(വികസനഫണ്ട്)

ചെലവുതുക 43225(ബിൽ നമ്പർ 6/16-17 തി28.3.17)

നിർവഹണം മെഡിക്കൽ ഓഫീസർ

മെഡിക്കൽ ഓഫീസർ നിർവഹണഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങൽ പ്രൊജക്റ്റ് പ്രകാരം43225 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽമരുന്നുകൾക്ക് 19000രൂപയും പാലിയേറ്റീവ് ഉപകരണങ്ങൾ വാങ്ങാൻ24225 രൂപയും അടവാക്കിയിട്ടുണ്ട്.മരുന്നുകൾക്കായി അടവാക്കിയ തുകക്ക് നാളിതുവരെ മരുന്നുകൾ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല.ഉപകരണങ്ങൾക്കായി അടവാക്കിയ തുകയിൽ4641 രൂപയുടെ അഞ്ച് വാക്കിംഗ് സ്റ്റിക്കറുകളും ലഭ്യമായിട്ടില്ലന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.പാലിയേറ്റീവ് രോഗികൾക്ക് അടിയന്തിരമായി ലഭിക്കേണ്ട ഉപകരണങ്ങളും മരുന്നുകളും നാളിതുവരെ ലഭ്യമാവാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.23641 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-6 ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ- മുഴുവൻ തുകക്കും മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നമ്പർ 244/15

വകയിരുത്തിയ തുക 200000(വികസന ഫണ്ട്)

ചെലവുതുക 200000(ബിൽ നമ്പർ 2/16-17 തി17.3.17)

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ആയുർവേദ ആശുപത്രിക്ക് മരുന്നുകൾ വാങ്ങിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 200000 രൂപ പിൻവലിച്ച് മെഡിക്കൽ ഓഫീസർ ആയുർവേദംഔഷധിയിൽ അടവാക്കിയിട്ടുണ്ട്.ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നുകളുടെ വിശദാംശം പരിശോധിച്ചതിൽ 184586 രൂപയുടെ മരുന്നുകൾ മാത്രമെ നാളിതുവരെ ആശുപത്രിക്ക് ലഭ്യമായിട്ടുള്ളു.15144 രൂപയുടെ മരുന്നുകൾ എനിയും ലഭ്യമായിട്ടില്ല. അവശേഷിക്കുന്നമരുന്നുകൾ ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ലഭ്യമാവാൻ അവശേഷിക്കുന്നമരുന്നുകളുടെ തുക 15144 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ- മാസങ്ങൾക്ക് ശേഷവും മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്റ്റ് നമ്പർ 88/17

വകയിരുത്തിയ തുക 100000(വികസനഫണ്ട്)

ചെലവുതുക 100000(ബിൽ നമ്പർ 1/16-17 തി31.12.16)

നിർവഹണം മെഡിക്കൽ ഓഫീസർ ഹോമിയോ

ഹോമിയോ ആശുപത്രിക്ക് മരുന്നുകൾ വാങ്ങൽ പ്രൊജക്റ്റ് പ്രകാരം 100000 രൂപ വികസനഫണ്ടിൽ നിന്നും മേൽ ബിൽ പ്രകാരംപിൻവലിച്ച് മാനേജിംഗ് ഡയറക്ടർ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ.ഓപ് ഫാർമസിക്ക് Ddനമ്പർ24480 തി 13.1.17 പ്രകാരം അടവാക്കിയിട്ടുണ്ട്.തുക നൽകി 8 മാസങ്ങൾക്ക് ശേഷവും മരുന്നുകൾ ഒന്നുംതന്നെ ആശുപത്രിയിൽ ലഭ്യമായിട്ടില്ല.തുക അടവാക്കി മാസങ്ങൾകഴിഞ്ഞിട്ടും ആയത് ലഭ്യമാക്കാനാവശ്യമായ നടപടികളൊന്നും മെഡിക്കൽ ഓഫീസർ കൈകൊണ്ടതായിക്കാണുന്നില്ല. മാത്രമല്ല ഹോംകോയിൽ നിന്നുംയഥാസമയം മരുന്നുകൾ ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസർ പണമടവാക്കും മുമ്പ് ഹോം കോ യുമായി കരാറിലേർപ്പെട്ടതും കാണുന്നില്ല. അപാകതകൾക്ക്

വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ചെലവുതുക 100000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 അങ്കണവാടി വർക്കർ -ഹെൽപ്പർ -അധിക വേതനം നൽകൽ -- സർക്കാർ ഉത്തരവ് പാലിച്ചില്ല

പ്രൊജക്ട് നമ്പർ - 109/17

വകയിരുത്തിയ തുക - 1270000(വികസന ഫണ്ട് -600000;മറ്റുള്ളവ 670000)

ചെലവഴിച്ച തുക -600000(ബിൽ നമ്പർ1/16-17 തി22.10.16- 521335

12/16-17 തി 3/3/17 78665)

നിർവ്വഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അങ്കണവാടി വർക്കർ -ഹെൽപ്പർ എന്നിവർക്ക് സർക്കാർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം ഗ്രാമപഞ്ചായത്തിലെ 29 അംഗണവാടി പ്രവർത്തകർക്ക് നൽകുന്നതിനായി തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം 600000/- രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് അങ്കണവാടി പ്രവർത്തകർക്ക് വിതരണം ചെയ്തിട്ടുണ്ട്.സ.ഉ.എം.എസ് 21/16 ത സ്വ.ഭ.വ തി25.2.16 പ്രകാരം അങ്കണവാടി വർക്കർ മാരുടെയും ഹെൽപ്പർ മാരുടെയും ഓണറേറിയം വർദ്ധിപ്പിക്കുമ്പോൾവർദ്ധിപ്പിച്ച തുക(നിലവിൽ വർദ്ധിപ്പിച്ച തുകയുടെ50%)തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമാവാത്ത പഞ്ചായത്തുകളിൽ പഞ്ചായത്തു ഡപ്യൂട്ടി ഡയരക്ടർ മാരും ജില്ലാ പ്ലാനിംഗി ഓഫീസർ മാരും സാക്ഷ്യപ്പെടുത്തി നൽകുന്ന സ്ഥിതിയിൽ വികസനഫണ്ടിൽ നിന്നും നൽകാവുന്നതാണ്.എന്നാൽ പഞ്ചായത്തിൽ വികസനഫണ്ട് വകയിരുത്തുന്നതിന് മുമ്പ്സ തനത് ഫണ്ട് ലഭ്യമല്ല എന്ന പഞ്ചായത്തു ഡപ്യൂട്ടി ഡയരക്ടരുടെയും ജില്ലാ പ്ലാനിംഗ് ഓഫീസരുടെയും സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ–-പ്രൊജക്ട് നടത്തിപ്പിൽ അപാകതതൾ

പ്രൊജക്ട് നമ്പർ - 259/17

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തിയ തുക - 100000(വികസനഫണ്ട് scp)

ചെലവുതുക - 100000(ബിൽനമ്പർ1121/16-17തി31.3.17)

അസി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തികവർഷത്തിൽ പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ പ്രൊജക്ട് പ്രകാരം വേളം ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന 25 sc വിദ്യാർത്ഥികൾക്ക് മേശ കസേര എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.ബന്ധപ്പെട്ട പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെപ്പറയുന്നു.

1)പ്രൊജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) വിദ്യാർത്ഥികളുടെ ജാതി തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3)വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പ് മുഖേന ഈ ആനുകൂല്യം ലഭ്യമാക്കിയിട്ടില്ല എന്ന പട്ടികജാതി വികസനഓഫീസറുടെ സാക്ഷപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

4)ജി .ഒ.എം.എസ്4/16 തസ്വ ഭ.വ 11.1.16 ഖണ്ഡിക6.8(4) പ്രകാരം ഫർണീച്ചറുകൾ ബന്ധപ്പെട്ട സ്കൂൾഅധികൃതർ മുഖേന വിതരണം ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് നേരിട്ടാണ്പഠനോപകരണങ്ങൾ വിതരണം ചെയ്തിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 100000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-10 പ്രഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം -ചെലവുതുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ - 259/17

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തിയ തുക - 100000(വികസനഫണ്ട് scp)

ചെലവുതുക - 50000(ബിൽ നമ്പർ198/16-17തി31.3.17)

പ്രഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായംഎന്ന പ്രൊജക്ട് പ്രകാരം 50000 രൂപ മേൽ ബിൽ പ്രകാരം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് 2 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.,വിതരണം ചെയ്ത വിദ്യാർത്ഥികളെസംബന്ധിച്ച വിവരങ്ങൾ. ആവശ്യമായ- രേഖകൾ, തുക ഗുണഭോക്താക്കളുടെ ബാങ്ക് എകൗണ്ടിലേക്ക് കൈമാറിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-11 കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ -വിശദവിവരം ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പരിധിയിലുള്ള കുടിവെള്ള ടാപ്പുകളുടെ വാട്ടർചാർജിനത്തിൽ പ്രതിമാസം49875 രൂപ പ്രകാരം 598500 രൂപ 2016-17 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുണ്ട്. 114 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമിനത്തിലാണ് പ്രതിമാസം തുക അടവാക്കിയിരിക്കുന്നതെന്ന് വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നും വ്യക്തമാവുന്നു.എന്നാൽ കുടിവെള്ള ടാപ്പുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്ററുകളൊന്നുംതന്നെ പഞ്ചായത്തിൽ സൂക്ഷിച്ചതായി കാണുന്നില്ല.2016-17 സാമ്പത്തിക വർഷത്തിനുശേഷം വാട്ടർ അതോറിറ്റി ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിൽ(1.4.17ന്ശേഷം)കുടിവെള്ള ടാപ്പുകളുടെ എണ്ണം 87 ആയി കുറവുചെയ്ത് വാട്ടർ ചാർജ് പ്രതിമാസം38063 രൂപയായി നിജപ്പെടുത്തുകയും അതുവരെഅടവാക്കിയ വാട്ടർ ചാർജ്ഇനത്തിൽ 92180 രൂപ പഞ്ചായത്തിൽ തിരികെ ലഭിക്കാനുള്ളതായും രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ജി.ഒ.ആർടി2242/2011 ത സ്വ.ഭ.വ. 2011 പ്രകാരം നിർദ്ദേശിച്ച തരത്തിൽ വാട്ടർ ടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയിക്കുന്നതിന് വാട്ടർഅതോറിറ്റിയുമായിചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ വെള്ളക്കരം പുനർ നിർണയിച്ചതിന്റ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.വാട്ടർ ടാപ്പുകളുടെ എണ്ണം സ്ഥിതിചെയ്യുന്ന സ്ഥലം എന്നിവ കാണിക്കുന്ന രജിസ്റ്റർ,സംയുക്ത പരിശോധന റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് വാഹനത്തിന്റെ ഉപയോഗം ,പരിപാലനം എന്നിവയിൽ കണ്ടെത്തിയ അപാകതകൾ

വാഹനത്തിന്റെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള K.L.18.D 6759നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക്, ചെലവു വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ വാഹനത്തിന്റെ ഉപയോഗം, പരിപാലനം എന്നിവയിൽ ഓഡിറ്റിന്റ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) ജി.ഒ.(എം.എസ്) 170/07 തസ.സ്വ.ഭ.വ.30.6.2007 പ്രകാരം ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമത,ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ആയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്.എന്നാൽ നാളിതുവരെ ഇന്ധനക്ഷമത പരിശോധിച്ചതിന് രേഖകളില്ല.വാഹനത്തിന്റെ പുകപരിശോധന നടത്തിയതിന്റയും സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

2) വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് കസ്റ്റോഡിയൻ ഓഫീസർ ചുമതലപ്പെടുത്തുന്ന ഓഫീസറുടെസാന്നിധ്യത്തിൽ ഇന്ധനടാങ്കിൽ ഫുൾ കപാസിറ്റിയിൽ ആയിരികികേണ്ടതാണ്.എന്നാൽ ഇന്ധനം നിറയ്ക്കുന്നതിന് ഈ നിബന്ധന പാലിക്കപ്പെടുന്നില്ല.

3) ഓരോമാസത്തെയും ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചും ഒരുസംക്ഷിപ്തം മാസാവസാന ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും അത്തരമൊരു സംക്ഷിപ്തംലോഗ് ബുക്കിൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

4) വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് സൂക്ഷിക്കേണ്ട റിപ്പയർ രജിസ്റ്റർ ,സ്പെയർപാർട്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-13 കൈപ്പറ്റ് രശീതി,വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയില്ല

അസി .സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തികവർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം വികസനഫണ്ട് (SCP) വിഹിതം പിൻവലിച്ച് സെക്രട്ടറി കന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന് അടവാക്കിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിനിയോഗവിവരം,കൈപറ്റ് രശീതി എന്നിവപരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വിശദ വിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് | അടവാക്കിയ തുക | ബിൽ നമ്പർ തിയ്യതി |
|---|---|---|---|
| 84/17 | I.A.Y.അധികവിഹിതം നൽകൽ | 509875 | 1/16-17തി30.1.17 |
| 255/17 | P.M.A.Y.പഞ്ചായത്ത് വിഹിതം നൽകൽ | 99886 | 160/16-17തി30.1.17 |

മേൽതുകകളുടെ കൈപറ്റ് രശീതി ,വിനിയോഗവിവരം എന്നിവപരിശോധനക്ക് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവുതുക609761 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-14 നെൽകൃഷിക്ക് കൂലിച്ചെലവ്സബ്സിഡി- ജില്ലാ പഞ്ചായത്ത് വിഹിതമായി3,00,000രൂപ അനുവദിച്ചിട്ടും തുക ചെലവഴിക്കുകയോ,ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചു നൽകുകയോ ചെയ്തിട്ടില്ല.

പ്രോജക്ടിന്റെപേര് : നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി

പ്രോജക്ട് നം :S0113/17

അടങ്കൽ :6,00,000

നിർവ്വഹണം – കൃഷി ഓഫീസർ

3,00,000 (വികസന ഫണ്ട്)

3,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് : 2,34,000 രൂപ

(വികസന ഫണ്ട്)

ബിൽ നം 1 ./16-17 , തീയ്യതി.23.3.2017

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം നെൽകൃഷിക്ക് കൂലിച്ചെലവ്സബ്സിഡി നല്കൽ എന്ന പ്രോജക്ടിന് 6,00,000രൂപ [3,00,000 (വികസന ഫണ്ട്),3,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)] വകയിരുത്തിയിട്ടുണ്ട് . വികസന ഫണ്ടിനിൽ വകയിരുത്തിയ 3,00,000 രൂപയിൽ 2,34,000രൂപബിൽ നം 1/16-17തീയ്യതി 23.3.17 പ്രകാരം സബ്ബ് ട്രഷറി പേരാമ്പ്രയിൽ നിന്ന് പിൻവലിച്ച് തൻവർഷം 228 ഗുണഭോക്താൾക്ക് വിതരണം ചെയ്തിട്ടുണ്ട്.ജില്ലാ പഞ്ചായത്ത് വിഹിതമായി തൻ വർഷം വകയിരുത്തിയ 3,00,000 രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് നം 799011400001286 ൽ 22.3.2017 ന് വരവ് വന്നിട്ടുണ്ട് .എന്നാൽ ഈ തുക 2016-17 സാമ്പത്തീക വർഷം ചെലവഴിക്കുകയോ തുക ലഭ്യമാക്കിയ ജില്ലാ പഞ്ചായത്തിന് തിരിച്ച് നല്കുകയോ ചെയ്തിട്ടില്ല. ചെലവഴിക്കാത്ത തുക ലഭ്യമാക്കിയ തദ്ദേശ സ്ഥാപനത്തിന് തിരികെ നല്കി അതാത് ശീർഷകങ്ങളിൽ തിരിച്ചടവാക്കാത്തത് ജി.ഒ (പി ) 177/2006 ധനം 12.4.06,ജി.ഒ (പി ) 119/2015 ധനം 21.3.2015എന്നീ സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്ഓഡിറ്റ് എൻക്വയറി നം 14/16-17 തീയ്യതി 23.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.തൻവർഷം ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായിട്ടും തുക ചെലവഴിക്കുകയോ,തിരിച്ചു നൽകുകയോ ചെയ്യാത്തതിന് ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 ഇടവിളകൃഷി വികസനം -വിത്ത് വിതരണം രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1,59,375 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെപേര് : ഇടവിളകൃഷി വികസനം

പ്രോജക്ട് നം :S0048/17

നിർവ്വഹണം – കൃഷി ഓഫീസർ

അടങ്കൽ :1,59,375

(വികസന ഫണ്ട്)

ചെലവ് : 1,59,375 രൂപ

ബിൽ നം 4 ./16-17 , തീയ്യതി.23.3.2017

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം ഇടവിളകൃഷി വികസനം എന്ന പ്രോജക്ടിന് 1,59,375 രൂപ വികസന ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട് . വികസന ഫണ്ടിൽ വകയിരുത്തിയ 1,59,375 രൂപയിൽ മുഴുവൻ തുകയും ബിൽ നം 4/16-17തീയ്യതി 23.3.17 പ്രകാരം സബ്ബ് ട്രഷറി പേരാമ്പ്രയിൽ നിന്ന് പിൻവലിച്ച് തൻവർഷംചെലവഴിച്ചിട്ടുണ്ട്.ഇടവിള കൃഷിക്കാവശ്യമായ വിത്തുകളടങ്ങിയ 425പായ്ക്കറ്റ് വിത്തുകൾ പായ്ക്കറ്റൊന്നിന് 375രൂപ നിരക്കിൽ വി .എഫ്.പി. സി. കെ. താമരശ്ശേരി യൂണിറ്റിൽ നിന്നാണ് വാങ്ങിയത്.എന്നാൽ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.എത്ര ഗുണഭോക്താക്കൾക്ക് വിത്തുകൾ വിതരണം ചെയ്തു .എത്ര എണ്ണം(വിത്തുകളുടെ കിറ്റുകൾ) വീതം വിതരണം ചെയ്തു എന്നവിവരങ്ങൾ ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 13/16-17 തീയ്യതി 23.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,59,375 രൂപ തടസ്സപ്പെടുത്തുന്നു.

## **3-16** പാട്ടകൃഷി വികസനം-ബ്ലോക്ക് പഞ്ചായത്തിന് വിഹിതംനൽകൽ-വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.ചെലവ് തുക **1,00,000**രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെപേര് : പാട്ടകൃഷി വികസനം

പ്രോജക്ട് നം :S0106/17

നിർവ്വഹണം – കൃഷി ഓഫീസർ

അടങ്കൽ :1,00,000 (വികസന ഫണ്ട്)

ചെലവ് : 1,00,000 രൂപ

(വികസന ഫണ്ട്)

ബിൽനം :5/16-17 തീയ്യതി 23.3.17

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പാട്ടകൃഷി വികസനം എന്ന പ്രോജക്ടിന് 2016-17 സാമ്പത്തിക വർഷം വേളം ഗ്രാമ പഞ്ചായത്ത് വികസന ഫണ്ടിൽ 1,00,000രൂപ വകയിരുത്തിയിട്ടുണ്ട് . പദ്ധതി നടത്തിപ്പിന്റെ ചുമതല കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കാണ്.പ്രോജക്ടിനായി വകയിരുത്തിയ മുഴുവൻ തുകയും ബിൽ നം 5/16-17തീയ്യതി 23.3.17പ്രകാരം പേരാമ്പ്ര സബ്ബ് ട്രഷറിയിൽ നിന്ന് പിൻവലിച്ച് കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തൊട്ടിൽപ്പാലം സബ്ബ് ട്രഷറിയിലെ ട്രഷറി സേവിംഗ് ബാങ്ക് അക്കൗണ്ട് നം 799011400001534 ലേക്ക് 23.3.17ന് കൃഷിഓഫീസർ നൽകിയിട്ടുണ്ട്.എന്നാൽ തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥന്ഓഡിറ്റ് എൻക്വയറി നം 12/16-17 തീയ്യതി 23.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## **3-17** പഞ്ചായത്താഫീസ് അടിസ്ഥാന സൗകര്യ വികസനം.- ക്യാഷ് ബില്ലുകൾ സപ്ലൈ ചെയ്യാത്ത സാധനങ്ങളുടെ വില രേഖപ്പെടുത്തി. ചെലവ് തുക **4,41,264,**രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെപേര് : പഞ്ചായത്താഫീസ് അടിസ്ഥാന സൗകര്യ വികസനം

പ്രോജക്ട് നം :S075/16-17

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ :7,00,000 (വികസന ഫണ്ട്)

ചെലവ് :4,41,264 രൂപ

(വികസന ഫണ്ട്)

ബിൽനം :20/16-17 തീയ്യതി 01.01.2017

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷംപഞ്ചായത്താഫീസ് അടിസ്ഥാന സൗകര്യ വികസനം എന്ന പ്രോജക്ടിന് 7,00,000രൂപ വികസന ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട് .പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്ക് കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണ്ണിച്ചർ,അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങിയത്. ഓഡിറ്റിന് ഹാജരാക്കിയ കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ,കോഴിക്കോട്എന്ന സ്ഥാപനത്തിന്റെ ക്യാഷ് ബിൽ പ്രകാരം ആകെ 6,49,391രൂപയുടെ സാധനങ്ങളാണ് പഞ്ചായത്താഫീസ് അടിസ്ഥാന സൗകര്യ വികസനത്തിനായി സപ്ലൈ ചെയ്തത്.ഫർണ്ണിച്ചർ,അനുബന്ധ സാധനങ്ങൾ എന്നിവ ലഭ്യമാക്കിയതിന്റെ ക്യാഷ് ബിൽ പ്രകാരം ആകെ നല്കാനുള്ള തുക6,49,391രൂപയാണ്.ഇതിൽ പഞ്ചായത്ത് ഇതുവരെ 4,41,264രൂപ റീജിയനൽ ഡയറക്ടർ, കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ,കോഴിക്കോടിന് നല്കിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം | കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ഫർണ്ണിച്ചർ,അനുബന്ധ സാധനങ്ങൾ | ഫർണ്ണിച്ചർ, അനുബന്ധ സാധനങ്ങളുടെ എണ്ണം | ഫർണ്ണിച്ചർ, അനുബന്ധ സാധനങ്ങളുടെ വില | ക്യാഷ് ബിൽനം, തീയ്യതി | സപ്ലൈ ഓർഡർ നം | ഇതുവരെ നല്കിയ തുക ഡി . ഡി നം / കൈപ്പറ്റ് രശീത് നം |
|---|---|---|---|---|---|---|
| 1. | Clerical Table Rub Wood | 8 | 1,82,687/ | 546/23.3.16 | A2 01/ 15. 21.3.15 | 4,41,264/രൂപ 24414/5.2.17,SBI,Calicut 5098/5.2.17 |
| 2. | Specal Table | 2 | 57,122/ | | | |
| 3. | Executive Table | 2 | 68,572/ | | | |
| 4. | Front Office Cabin | 1 | 4001/ | | | |
| 5. | Aluminium Fabrication for front Office | 1 | 28,561/ | | | |
| 6. | Wall drops Rub Wood | 3 | 51,333/ | | | |
| 7. | Wall drops Rub Wood | 1 | 14,821/ | | | |
| 8 | Wall drops Rub Wood | 2 | 22,772/ | | | |
| 9. | Lan Wiring | 1 | 1,13,291/ | | | |
| 10. | Revolving Chair Medium | 10 | 56,609 | | | |
| 11. | Revolving Chair High | 2 | 13,612 | | | |

ആകെ 6,49,391രൂപ

പഞ്ചായത്താഫീസ് അടിസ്ഥാന സൗകര്യ വികസനം എന്ന പ്രോജക്ടിന് ഫർണണ്ണിച്ചർ,അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങിയ ഫയൽ ഓഡിറ്റിൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഓഡിറ്റിൽ ഹാജരാക്കിയ കേരള ആർട്ടിസൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ,കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ക്യാഷ് ബിൽ പ്രകാരം Clerical Table Rub Wood 8 എണ്ണമാണ് സപ്ലൈ ചെയ്തത് വില 1,82,687/രൂപ.എന്നാൽ പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം Clerical Table Rub Wood 7എണ്ണം മാത്രമേ ഉള്ളൂ.

2. ക്യാഷ് ബിൽ പ്രകാരം Lan Wiring ന്റെ തുക 1,13,291/രൂപയാണ്.എന്നാൽ ഫയൽ പരിശോധിച്ചപ്പോൾ Lan Wiring ഇതിനകം ഓഫീസിൽ പൂർത്തീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തുകയും, Lan Wiring ചെയ്യുന്നത് ഒഴിവാക്കണമെന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ കേഷ് ബില്ലിൽ Lan Wiring ന്റെ തുക 1,13,291/-രൂപ

രേഖപ്പെടുത്തിയിട്ടുണ്ട്. Lan Wiring ഒഴിവാക്കിയുള്ള കേഷ് ബിൽ ഹാജരാക്കിയിട്ടില്ല.

Clerical Table Rub Wood 1എണ്ണം സ്റ്റോക്കിൽ ഇല്ലാത്തതിനം,Lan Wring ഓഫീസിൽ ഇതിനകം സജ്ജമായിട്ടും ക്യാഷ് ബില്ലിൽ Lan Wiring ന്റെ തുക 1,13,291രൂപ രേഖപ്പെടുത്തിയതു സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി നം 15/16-17 തീയ്യതി 23.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 4,41,264/ രൂപ തടസ്സപ്പെടുത്തുന്നു.

## 3-18 ഐ.എ.വൈ ഭവന പദ്ധതിക്ക് വിഹിതം നല്കൽ -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല ചെലവ് തുക 61,250 തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെപേര് : ഐ.എ,വൈ വിഹിതം നല്കൽ

പ്രോജക്ട് നം : S0057/16-17
നിർവ്വഹണം – വി.ഇ.ഒ

അടങ്കൽ : 61,250 (വികസന ഫണ്ട്)

ചെലവ് : 61,250 രൂപ

(വികസന ഫണ്ട്)

ബിൽനം : 8/16-17 തീയ്യതി 16.12.16.

കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന ഐ.എ.വൈ ഭവന പദ്ധതിക്ക് വേളം ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷം വികസന ഫണ്ടിൽ 61,25/- രൂപ വകയിരുത്തിയിട്ടുണ്ട്.61,250രൂപ വകയിരുത്തിയതിൽ മുഴുവൻ തുകയും തൻവർഷം കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.ബിൽനം 8/2016-17തീയ്യതി 16.12.16പ്രകാരം പേരാമ്പ്ര സബ്ബ് ട്രഷറിയിൽ നിന്നും തുക പിൻവലിച്ച് ഡി.ഡി.നം24690 തീയ്യതി 21.12.16എസ്.ബി.ടി കുറ്റ്യാടിബ്രാഞ്ച് മുഖേനയാണ് തുക നൽകിയത് .ഐ.എ.വൈ ഭവന പദ്ധതിക്ക് നൽകിയ നൽകിയ61,250രൂപയിൽ എത്ര രൂപ ചെലവഴിച്ചു എന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം , ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 26/16-17 തീയ്യതി 27.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 61,250/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19 ഐ.കെ,എം വിഹിതം നല്കൽ - വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെപേര് : ഐ.കെ,എം വിഹിതം നല്കൽ

പ്രോജക്ട് നം : S098/16-17
നിർവ്വഹണം – സെക്രട്ടറി

അടങ്കൽ : 1,00,000 (വികസന ഫണ്ട്)

ചെലവ് : 84,672 രൂപ

(വികസന ഫണ്ട്)

ബിൽനം : 21/16-17 തീയ്യതി 23.12.16

വേളം ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷം ഐ.കെ.എം വിഹിതം നല്കൽ എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ 1,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.1,00,000രൂപ വകയിരുത്തിയതിൽ തൻവർഷം 84,672രൂപ ഐ.കെ,എംന് നൽകിയിട്ടുണ്ട്.എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം,തിരുവനന്തപുരത്തിന് ഡി.ഡി.നം 2000 തീയ്യതി 5.1.17 എസ്.ബി.ഐ തിരുവനന്തപുരം വഴിയാണ് തുക നല്കിയത്.ഐ.കെ.എംന് നൽകിയ84,672രൂപയിൽ എത്ര രൂപ ചെലവഴിച്ചു എന്ന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 16/16-17 തീയ്യതി 25.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 1,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-20 ജി.എൽ .പി.സ്കൂൾ അരമ്പോൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കൽ -സ്റ്റോക്ക് രജിസ്റ്റർ,ക്യാഷ് ബുക്ക് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടിന്റെപേര് :ജി.എൽ .പി.സ്കൂൾ അരമ്പോൽ സ്മാർട്ട് ക്ലാസ് റൂം

പ്രോജക്റ്റ് നം :S0094/17
നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ :2,00,000 (വികസന ഫണ്ട്)

ചെലവ് :2,00,000

ബിൽ നം :2/16-17 ,31.3.17, 2,00,000രൂപ

2016-17 സാമ്പത്തിക വർഷം ജി.എൽ .പി.സ്കൂൾ അരമ്പോൽ സ്മാർട്ട് ക്ലാസ് റൂം എന്ന പ്രോജക്റ്റിന് മെയിന്റെൻസ് ഫണ്ടിൽ (റോഡിതരം)2,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.ആകെ വകയിരുത്തിയ2,00,000രൂപയിൽ മുഴുവൻ തുകയുംതൻവർഷം ചെലവഴിച്ചിട്ടുണ്ട്. (ബിൽനം.2/16-17,തീയ്യതി31.3..17.സബ്ട്രഷറി പേരാമ്പ്ര).കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്,പാലക്കാട് ൽ നിന്നാണ് സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുന്നതിനുള്ള സാധന സാമഗ്രികൾ വാങ്ങിയത്.വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമനം. | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്,പാലക്കാട് ൽ നിന്നാണ് സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കുന്നതിന് ലഭ്യമാക്കിയ സാധന സാമഗ്രികൾ | സാധന സാമഗ്രികളുടെ എണ്ണം | വില | |
|---|---|---|---|---|
| 1. | Laptop Computer | 1 | 28990/ | ക്യാഷ് ബിൽ നം തീയ്യതി<br>312,313 തീയ്യതി 27.3.17 |
| 2. | Projector | 1 | 25,000/ | |
| 3. | Audio system | 1 | 11580/ | |
| 4. | U.P.S.1K.V.A | 1 | 6,600/ | |
| 5. | Ceiling mount kit | 1 | 20,000/ | |
| 6. | Steel Rack with Glass door | 1 | 5,600/ | |
| 7. | Chair with wing board | 33 | 7,500/ | |
| 8. | White board display | 1 | 13,000/ | |
| 9. | Smart class room software | 1 | 8,500/ | |
| 10. | Wireless presentation pointer | 1 | 5730/ | |

ആകെ 2,00,000 രൂപ

ജി.എൽ .പി.സ്കൂൾ അരമ്പോൽ സ്മാർട്ട് ക്ലാസ് റൂം എന്ന പ്രോജക്റ്റ് നടപ്പിലാക്കിയതുമായ ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. സ്മാർട്ട് ക്ലാസ്സ് റൂം എന്ന പദ്ധതിക്ക് ചെലവായ 2,00,000രൂപ നിർവഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ഹാജരാക്കിയ T.R7A.ക്യാഷ് ബുക്കിന്റെ വരവ് ഭാഗത്തും ,ചെലവ് ഭാഗത്തും രേഖപ്പെടുത്തിയിട്ടില്ല.

2. ഐ.ടി.@ സ്കൂളിന്റെ സ്പെസിഫിക്കേഷൻ പ്രകാരമാണൊ സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കിയതെന്ന് ഫയലിൽ വ്യക്തമല്ല.

3.. സ്മാർട്ട് ക്ലാസ്സ് റൂം സജ്ജീകരിക്കുന്നതിനാവശ്യമായ മുകളിൽ ചേർത്തസാധനസാമഗ്രികൾവാങ്ങിയത് സ്റ്റോക്കിലെടുത്തിട്ടില്ല.

ക്യാഷ് ബുക്ക്,സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 3-21 എസ്.എസ്.എ. വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവ് തുക 5,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെപേര് :എസ്.എസ്.എ. വിഹിതം നൽകൽ

പ്രോജക്ട് നം :S0099/17

നിർവ്വഹണം – ഹെഡ്മാസ്റ്റർ

അടങ്കൽ :5,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് : 5,00,000

ബിൽ നം :1/16-17 ,7.01.2017, 5,00,000രൂപ

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം എസ്.എസ്.എ. വിഹിതം നൽകൽ എന്ന പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 5,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.ആകെ വകയിരുത്തിയ5,00,000രൂപയിൽ മുഴുവൻ തുകയുംനിർവ്വഹണഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ബിൽനം.1/16-17 ,തീയ്യതി7.1.17പ്രകാരം പിൻവലിച്ച് എസ്.എസ്.എ. കോഴിക്കോട് ജില്ലാ പ്രോജക്ട് ഓഫീസർക്ക് ഡി.ഡി.നം 24669തിയ്യതി 19.1.2017പ്രകാരം നല്കിയിട്ടുണ്ട്.എന്നാൽ ആകെ നല്കിയ 5,00,000 രൂപയിൽ എത്ര രൂപ പദ്ധതിക്കുവേണ്ടി ചെലവഴിച്ചു എന്നതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.കൂടാതെ എസ്.എസ്.എ. പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രശീതും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം 17/16-17 തീയ്യതി 25.9.2017 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 5,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- തൊഴിലിനപേക്ഷിക്കുന്നവർക്ക് ആനുപാതികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി പ്രകാരം വേളം ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം 199 പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്. മേൽ പ്രവൃത്തികൾക്കായി അടങ്കൽ ചെയ്ത 39741400 രൂപയിൽ ₹ 28042111 ചെലവഴിച്ചിട്ടുണ്ട്. ഷെൽഫ് ഓഫ് പ്രൊജക്റ്റിൽ ഉൾപ്പെട്ട പ്രവൃത്തികളാണ് നിർവ്വഹണം നടത്തിയിട്ടുള്ളത്.പദ്ധതി പ്രകാരം 4369 കുടുംബങ്ങൾ രജിസ്റ്റർ ചെയ്ത് തൊഴിൽകാർഡ് കൈപ്പറ്റിയിട്ടുണ്ടെങ്കിലും 2016-17 വർഷം 2719 പേർ മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടത്. തൊഴിൽ ആവശ്യപ്പെട്ട 2719 പേർക്കും തൊഴിൽ നല്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 96995തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്. ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. 2016-17 വർഷം തൊഴിലിനപേക്ഷിച്ച 2719 പേർക്ക് ആകെ 96995 തൊഴിൽ ദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാനായത്. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ വീഴ്ചയുണ്ടായത് മൂലം കേവലം 15 കുടുംബങ്ങൾക്ക് മാത്രമാണ് 100 ദിവസം തൊഴിൽ നല്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുള്ളത്. ഇക്കാരണത്താൽ തൊഴിലിനപേക്ഷിക്കുന്നവർക്ക് 100 ദിവസത്തെ തൊഴിൽ നൽകുക എന്ന പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഷെൽഫ് ഓഫ് പ്രൊജക്ട് പ്രകാരമുള്ള 250 പ്രൊജക്ടുകളിൽ 199 എണ്ണം മാത്രമാണ് 2016-17 വർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്.

2. 2016-17 വർഷത്തിൽ പദ്ധതി ചെലവുകളും പ്രവർത്തനങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല.

3.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ചട്ടങ്ങൾ ചട്ടം V.സി പ്രകാരം രണ്ടാഴ്ചക്കുള്ളിൽ നിർബന്ധമായും വേതനം നൽകേണ്ടതാണ്.എന്നാൽ വേളം ഗ്രാമപഞ്ചായത്തിൽ തൊഴിലാളികൾക്ക് കൂലി നൽകുന്നതിൽ 7 മാസം വരെ കാലതാമസമുണ്ടായി. 2016-17 വർഷത്തിൽ ഡിസംബർ മാസത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ വേതനം തൊഴിലാളികൾക്ക് 2017 ജൂലായ് മാസത്തിലാണ് ലഭ്യമാക്കിയിട്ടുള്ളത്.

## 3-23 പാലിയേറ്റീവ് പരിചരണം-ബ്ലോക്ക്പഞ്ചായത്ത് വിഹിതം വിനിയോഗിച്ചില്ല.

പ്രൊജക്ട് നമ്പർ 89/17

നിർവ്വഹണം – മെഡിക്കൽ ഓഫീസർ

പ്രൊജക്ടിന്റേ പേര് പാലിയേറ്റീവ് പരിചരണം

വകയിരുത്തിയ തുക 400000(വികസനഫണ്ട് 300000;ബ്ലോക്ക് വിഹിതം 100000)

ചെലവുതുക 299999(ബിൽ നമ്പർ 1/16-17തീ26.10.16 -144125

2/16-17 തീ 22.12.16-49545

4/16-17തീ 23.2.17-71959

7/16-17 തീ 31.3.17- 34370)

മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തികവർഷം നടപ്പിലാക്കിയ മേൽ പ്രൊജക്ടുപ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി 299999രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.പ്രൊജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ വകയിരുത്തിയ 100000 രൂപ 27.3.17ഗ്രാമപഞ്ചായത്തിന്റെ T.S.B 1286ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്.മേൽ തുകയിൽനിന്നും പ്രൊജക്ട് പ്രവർത്തനങ്ങൾക്കായി ചെലവൊന്നും നടത്തിയതായിക്കാണുന്നില്ല.പാലിയേറ്റിവ് പ്രവർത്തനങ്ങൾക്ക് ഓരോ ഇനങ്ങൾക്കും ആനുപാതികമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ബ്ലോക്ക് വിഹിതം ചെലവഴിക്കാതെപാലിയേറ്റീവ് പരിചരണത്തിന് മരുന്നുവാങ്ങാൻ നിഷ്കർഷിച്ച 100000 രൂപയുടെ വികസനഫണ്ട് വകമാറ്റി പ്രൊജക്ടുപ്രകാരമുള്ള മറ്റ് പ്രവർത്തനങ്ങൾക്കായി പദ്ധതിവിഹിതം പൂർണമായും വിനിയോഗിച്ചിരിക്കയാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക് വിഹിതം തിരിച്ചടവാക്കാൻ നടപടികൾ കൈകൊള്ളേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | 24.03.2017 | 100000 | പാലിയേറ്റീവ് പരിചരണം | 0 | 100000 |
| കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | 27.03.2017 | 100000 | പാലുത്പാദനത്തിന് പ്രോത്സാഹനം | 100000 | 0 |
| കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | 22.03.2017 | 234000 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 0 | 234000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗ് | പ്രാഥമികാരോഗ്യകേന്ദ്രം വയറിംഗ് | ഡി.ഡി.നം-942446/തീ.31.03.2015 | 200000 | 200000 | ഇല്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് .

2015-16 വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 360000 രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | അമ്മത്.കെ.കെ. | മാങ്ങാട്ട് താഴകുനി നടപ്പാത | 2100659 /21-12-2015 | 360000 | 0 | 360000 |

21.12.2015 (2015-16 വർഷത്തിൽ) തീയതിയിൽ അഡ്വാൻസ് നൽകിയ തുക 2016-17 വർഷത്തിലും അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 112500 രൂപ വരവുണ്ട്. മുൻബാക്കി 901100 രൂപയടക്കം 1013600 രൂപയിൽ 1013600 രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 322/2010 തീ.29/01/2010 | 112500 | 901100 | 500000 | 0 | 513600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2769616 |
| തൻവർഷം നിക്ഷേപിച്ച തുക | 180422 |
| ആകെ | 2950038 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1259126 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1690912 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, കുറ്റ്യാടി ബ്രാഞ്ച്.<br>FDR 100341807520070 | 1690912 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-00 | 31 | 2003-04 | 7 | നികുതി പിരിവിൽ അലംഭാവം |
| 2000-01 | 2(1) | 2004-05 | 1-പൊതുപരാമർശം | പുതിയഅക്കൗണ്ടിംഗ്-കണക്കുകൾ ശരിയാക്കിയില്ല |
| 2000-01 | 2(2) | 2004-05 | 3-പൊതുപരാമർശം | നികുതിപിരിവിൽ അലംഭാവം |
| 2001 - 02 | 10 | 2004-05 | 5 | സബ്സിഡിമാനദണ്ഡങ്ങൾ പാലിക്കാതെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്തു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 39756938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33953670 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 7940 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2318551 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 443 | | ശ്രീ.ഇ.കെ.അശോകൻ,സെക്രട്ടറി |
| 2-2 (2(iv) | 1170 | | |
| 2-2 (3(i) | 6327 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 73444 | ഡോ.കിടാവ് ദർശൻ നാരായൺ<br>മെഡിക്കൽ ഓഫീസർ (പിഎച്ച്സി) |
| 3-5 | 23641 | “ |
| 3-6 | 15144 | ഡോ.അനു.ഓ.ജി.<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-7 | 100000 | ഡോ.പ്രിയേന്ദു,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-9 | 100000 | ശ്രീ സജി പി ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 50000 | ശ്രീ സജി പി ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 609761 | ശ്രീ സജി പി ബി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 159375 | സുദീന്ദ്ര വൈ.എസ്<br>കൃഷി ഓഫീസർ |
| 3-16 | 100000 | സുദീന്ദ്ര വൈ.എസ്<br>കൃഷി ഓഫീസർ |
| 3-17 | 441264 | ശ്രീ.ഇ.കെ. അശോകൻ,<br>സെക്രട്ടറി |
| 3-18 | 61250 | ശ്രീ .ഷൈജിത്ത്, വി.ഇ.ഒ |
| 3-19 | 84672 | ശ്രീ.ഇ.കെ. അശോകൻ, സെക്രട്ടറി |
| 3-21 | 500000 | ശ്രീ കെ കെ ബാലകൃഷ്ണൻ,<br>ഹെഡ് മാസ്റ്റർ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഇ.കെ. അശോകൻ,<br>സെക്രട്ടറി | വിരമിച്ചു. | ഗണേശപുരം,<br>കമ്പളക്കാട്,<br>വയനാട്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91,<br>91-92 | എൽ.എഫ.കെകെ.ഡി.പി.6/835/13/19.6.13 | 1 |
| 1992-93,<br>93-94 | എൽ.എഫ്.കെ.കെ.ഡി.പി.6/280/10/19.8.10 | 5 |
| 1994-95,<br>95-96 | എൽ.എഫ്.കെ.കെ.ഡി.പി.6/280/10/19.8.10 | 2 |
| 1996-97 | എൽ.എഫ്.കെ.കെ.ഡി.എസ്2/382/02/8.9.04 | 21 |
| 1997-98 | എൽ.എഫ്.എസ്3/1369/01/2.4.02 | 16 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.എസ്.3/643/02/2.9.05 | 17 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി.എസ്1/428/03/22.2.07 | 10 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.6/967a/05/22.02.07 | 14 |
| 2000-01 വരവ്ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി.6/967/05/19.02.07 | 8 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി.പി.6/967/05/19.02.07 | 5 |
| 2001-02 വരവ്ചെലവ് | എൽ.എഫ്.കെ.കെ.ഡി.പി.6/301/08/13.3.08 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.6/1303/08/5.1.09 | 8 |
| 2003-04 | ൽ.എഫ്.കെ.കെ.ഡി.പി.6/357/09/1.4.09 | 25 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.6/835/13(2)/19.6.13 | 9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.6/835/13/19.6.13 | 8 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.6/807/13/19.6.13 | 7 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.6/700/11/14.02.12 | 29 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.6/1791/12/15.4.13 | 6 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.6/1790/12/4.4.13 | 9 |
| 2010-11,<br>11-12 | എൽ.എഫ്.കെ.കെ.ഡി.പി.6/1769/14/12.3.15 | 28 |
| 2012-13.<br>2013-14 | കെ.എസ്.എ.കെ.കെ.ഡി.പി.6/1411/15 തി.15.9.15 | 17 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി6/1211/2016 തീയ്യതി 11.7.2016 | 13 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.6/2037/2016 | 15 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ.കെ.കെ.ഡി/പി6/1835/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം ,കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@kerala.gov.in
ഫോൺ -0495 2371012

തീയതി – 11.10.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ വേളം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വേളം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം കോഴിക്കോട്

No. KSA.KKD/P6/1835/2016

Kerala State Audit Department
District Audit Office, Kozhikode
Phone - 0495 2371012
E-mail – dokkd.ksad@kerala.gov.in
Dated – 11.10.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of velom Grama Panchayat for the year ended on 31.3.2017 in Kozhikode District in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of velom Grama Panchayat for the year 2016-17 except this observations in my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

District Audit Office, Kozhikode.